വർത്തമാനപത്രങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമാക്കിയവരാണ് മലയാളികൾ. സുകുമാർ അഴീക്കോട് പറയുന്നതുപോലെ ഒഴിവാക്കാൻ കഴിയാത്ത ഒരു ശീലമാണ് നമുക്കത്. അതുകൊണ്ടുതന്നെ പത്രങ്ങളുടെ ഉത്തരവാദിത്വം ഏറുന്നു. നീതിയുക്തമായി പ്രവർത്തിക്കുക എന്നത് മാധ്യമങ്ങളുടെ കർത്തവ്യമാണ്. അങ്ങനെതന്നെയാണോ സംഭവിക്കുന്നത് എന്ന് പരിശോധിക്കുകയാണ് പത്രനീതി എന്ന ലേഖനത്തിൽ സുകുമാർ അഴീക്കോട്.

ജനാധിപത്യസംവിധാനത്തിൽ വൃത്താന്തപ്പത്രങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടാണല്ലോ അതിനെ ജനാധിപത്യത്തിന്റെ നാലാമത്തെ തൂണായി കണക്കാക്കുന്നത്. പാർലമെന്റും നീതിന്യായ വ്യവസ്ഥയും (ജുഡീഷ്യറി) ഭരണനിർവഹണ വ്യവസ്ഥയും (എക്സിക്യൂട്ടീവ്) ആണ് മറ്റു മൂന്നു തൂണുകൾ. ഇവയുടെയൊക്കെ നാവായി വർത്തിക്കാനും ഇവയെയെല്ലാം തിരുത്താനുള്ള ശക്തിയായിരിക്കാനും പത്രങ്ങൾക്ക് കഴിവുണ്ട്. കാരണം നാടിന്റെ നാനാഭാഗത്തും ഉണ്ടാവുന്ന വൃത്താന്തങ്ങൾ മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും അവയിൽ നിന്നെല്ലാം പൊതുവായ ചില അഭിപ്രായങ്ങൾ രൂപപ്പെടുത്തി ഭരണതലത്തിലും നീതിന്യായ വ്യവസ്ഥയിൽപോലും എത്തിക്കുയും ചെയ്യുന്നത് പത്രങ്ങളാണല്ലോ. അതായത് ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് ദിശാബോധം നൽകി രൂപപ്പെടുത്തുന്നതിൽ പത്രങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ആ അഭിപ്രായങ്ങൾക്കനുസരിച്ചാണല്ലോ ജനാധിപത്യം നിലനിൽക്കുന്നത്. അങ്ങനെ വരുമ്പോൾ പത്രങ്ങൾ നീതിയുക്തമായല്ല പ്രവർത്തിക്കുന്നതെങ്കിൽ, സത്യത്തിന്റെ പ്രചാരകരാകാതെ ഏതെങ്കിലും പക്ഷത്തിനുവേണ്ടിയാണ് അല്ലെങ്കിൽ സ്വകാര്യ താൽപ്പര്യത്തിനുവേണ്ടിയാണ് പ്രവർത്തിക്കിന്നത് എങ്കിൽ ജനാധിപത്യത്തിനുതന്നെ ശാപമായിരിക്കും.

പക്ഷേ സുകുമാർ അഴീക്കോടിന്റെ അഭിപ്രായത്തിൽ വൃത്താന്ത പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുമ്പോൾതന്നെ അത്രയും വിമർശനം പത്രങ്ങൾ നേരിടുന്നില്ല. സ്വേച്ഛാധിപതികൾപോലും പത്രത്തെ ബഹുമാനിക്കുന്നു. കാരണം അവർ പത്രങ്ങളെ ഭയക്കുന്നു. ഈ ഭയം മൂലമാണ് അവർ പത്രങ്ങളെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നത്.

എങ്കിലും പത്രങ്ങളെ നിശിതമായി വിമർശിച്ച ചിലരുണ്ട്. സ്വാതന്ത്ര്യ പ്രേമിയായ ജഫേഴ്സൺ പത്രങ്ങളെ പ്രശംസിക്കുന്നതിലൂടെയാണ് അവരുടെ ഉത്തരവാദിത്വം ഓർമ്മിപ്പിച്ചത്. അദ്ദേഹം പറഞ്ഞത് പത്രമില്ലാത്ത ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാത്ത പത്രമുള്ള അവസ്ഥയാണെന്നാണ്. അതായത് പത്രത്തിന് അത്രയും ഉന്നതമായ സ്ഥാനം കാത്തുസൂക്ഷിക്കാനുള്ള അർഹത ഉണ്ടാവണം എന്നർഥം. അരാജകമായ ഒരവസ്ഥയിൽപോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.

പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിക്കൊപ്പംതന്നെ അതിനെ പിന്തുടരുന്ന ഒരു നിഴലും ഉണ്ട്. പ്രമുഖ സാഹിത്യകാര നായിരുന്ന ഓസ്കാർ വൈൽഡ് പത്രങ്ങൾ ചെയ്യുന്ന ദ്രോഹത്തെ പലപ്പോഴും തുറന്നു കളിയാക്കിക്കൊണ്ടിരുന്നു. അതുപോലെ നാടകകർത്താവായ ഇബ്സനും. അദ്ദേഹം പറഞ്ഞത് "മൃഗങ്ങ ളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്ത കരുടെയും രാഷ്ട്രീയ പ്രവർത്തകരുടേയും മേൽ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ" എന്നാണ്. പത്രങ്ങൾ നടത്തുന്ന അസത്യ പ്രചരണത്തെക്കുറിച്ച് സാമുവൽ ബട്ലറെപ്പോലെയുള്ള എഴുത്തു കാരും പറഞ്ഞിട്ടുണ്ട്.

സുകുമാർ അഴീക്കോടു പറയുന്നത് പല പത്രങ്ങൾ വായിച്ച് അവയിൽ വരുന്ന കള്ളങ്ങൾ താരതമ്യം ചെയ്ത് സത്യത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിയുമോ എന്ന് പരീക്ഷിക്കുകയേ മാർഗമുള്ളൂ എന്നാണ്.